# കേരള വികസനവും പ്രതിലോമശക്തികൾ ഉയർത്തുന്ന വെല്ലുവിളികളും

എളമരം കരീം
*വ്യവസായവാണിജ്യവകുപ്പ് മന്ത്രി*

# ആമുഖം



തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി വിഭജിച്ചുകിടന്ന കേരളത്തിലെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ അധീശത്വം സ്ഥാപിച്ചിരുന്ന ജാതി ജന്മി നാടുവാഴിത്ത വ്യവസ്ഥിതിക്കെതിരെ കലാപം ചെയ്താണ് ഐക്യകേരളം സാധ്യമാക്കിയത്. ശ്രീനാരായണ ഗുരു, അയ്യൻകാളി, വാഗ്ഭടാനന്ദൻ എന്നിവരുടെ നേതൃത്വത്തിലുണ്ടായ ജാതി വിരുദ്ധപ്രസ്ഥാനങ്ങളും ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ നടന്ന സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങളും, തൊഴിലാളി, കർഷകാദി ബഹുജനങ്ങളുടെ അവകാശ പോരാട്ടങ്ങളുമാണ് ഐക്യകേരള ത്തിന്റെ അടിത്തറ സൃഷ്ടിച്ചത്. ഈ മൂന്ന് പ്രവിശ്യകളിലും ഐക്യകേരളമെന്ന മുദ്രാവാക്യമുയർത്തി നടത്തിയ സമരങ്ങളിൽ ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുക്കുകയും, സർ.സി.പി.രാമസ്വാമി അയ്യരുടെ സ്വതന്ത്ര തിരുവിതാംകൂർ എന്ന ആശയത്തിനെതിരെ പുന്നപ്രയിലും വയലാറിലും നടന്ന പോരാട്ടങ്ങളിൽ നൂറുകണക്കിന് മനുഷ്യർ ജീവത്യാഗം ചെയ്യുകയുമുണ്ടായി. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഉയർന്നുവന്ന കർഷകമുന്നേറ്റങ്ങളും, ഭാഷാ സംസ്ഥാന രൂപീകരണത്തിനുവേണ്ടി നടന്ന സമരങ്ങളും ഫെഡറൽ സംവിധാനത്തിനുവേണ്ടി നടന്ന പോരാട്ടങ്ങളും ഐക്യകേരള പ്രക്ഷോഭങ്ങളെ സഹായിക്കുകയുണ്ടായി. രണ്ടാംലോക മഹായുദ്ധാനന്തരം ആഗോള മുതലാളിത്തത്തിനേറ്റ തിരിച്ചടിയും, സോഷ്യലിസ്റ്റ് ശക്തികളുടെ വിജയവും മറ്റ് സംസ്ഥാനങ്ങളിലെ പോലെ കേരളത്തിലും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ശക്തി പകർന്നു. ഐക്യകേരള രൂപീകരണം പകർന്നു തന്ന ആവേശവും, ദാരിദ്ര്യ വിമുക്തമായ സമൂഹത്തെ പറ്റിയുള്ള സോഷ്യലിസ്റ്റ് സ്വപ്നങ്ങളുമായിരുന്നു കേരള സംസ്ഥാന രൂപീകരണ വേളയിലെ സമൂഹ മനസിനെ ഏറ്റവുമധികം സ്വാധീനിച്ച ഘടകങ്ങൾ.

കേരള സംസ്ഥാന രൂപീകരണത്തിന്ശേഷം നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഭൂരിപക്ഷം

ലഭിക്കുകയും സ:ഇ.എം.എസി ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിലെത്തുകയും ചെയ്തു. ജാതി സമ്പ്രദായവും ജൻമി മേധാവിത്വവും നിലനിന്ന, പരമ്പരാഗതമായ കാർഷികവൃത്തി അനുവർത്തിച്ചുവന്ന, വ്യാവസായികമായി ഒന്നും വളർച്ച നേടിയിട്ടില്ലാത്ത ഒരു സമൂഹത്തെ ആധുനികവൽക്കരിക്കുകയെന്ന ചുമതലയായിരുന്നു ഒന്നാം മന്ത്രിസഭയും അതിന് നേതൃത്വം നൽകിയ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഏറ്റെടുത്തത്. എന്നാൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഗണ്യമായ ഒരു വിഭാഗത്തിനെങ്കിലും വിദ്യാഭ്യാസം നേടാനും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ സഞ്ചരിച്ച് അവരുടെ സംസ്കാരവും ജീവിത ശൈലിയും സ്വാംശീകരിക്കുവാനും സാധിച്ചിരുന്നു. എന്നാൽ ഇതുപോലും വളരെ താഴ്ന്ന നിലവാരത്തിലുള്ള തായിരുന്നു. 1951 ൽ കേരളത്തിലെ സാക്ഷരത 47 ശതമാനം മാത്രമായിരുന്നു.

കേരളത്തിന്റെ വികസനവും ആധുനികവൽക്കരണവും സംബന്ധിച്ച് സമൂലവും വിപ്ലവകരവുമായ കാഴ്ച്ചപ്പാടുണ്ടാ യിരുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും വിശിഷ്യാ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുമായിരുന്നു. രാഷ്ട്രീയ സാമൂഹ്യ സമരങ്ങളുടെ തീച്ചൂളയിൽ സ്ഫുടം ചെയ്തെടുത്ത ആശയങ്ങ ളായിരുന്നു അവ. ഭൂവുടമ സമ്പ്രദായത്തിലും കാർഷിക ബന്ധങ്ങളിലും സമൂലമായ പൊളിച്ചെഴുത്ത് നടത്തുക, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെ സാർവ്വത്രികമാക്കുകയും ഗുണമേൻമ യുള്ളതാക്കുകയും ചെയ്യുക, കാർഷിക വ്യാവസായിക ഉൽപാദനം വർദ്ധിപ്പിക്കുക, കാർഷിക ഉൽപന്നങ്ങൾ, ധാതു നിക്ഷേപങ്ങൾ, മൽസ്യസമ്പത്ത് എന്നിവയുടെ മൂല്യവർദ്ധനക്കാവശ്യമായ സംവിധാന ങ്ങളൊരുക്കുക, ഭാഷാ സാംസ്കാരികതനിമ നിലനിർത്തി അവയെ പ്രോൽസാഹിപ്പിക്കുക എന്നീ പദ്ധതികളിൽ കൂടി ജാതിരഹിതവും മതേതരവുമായ ഒരു ആധുനിക സമൂഹത്തെ സൃഷ്ടിക്കുക എന്ന ആശയമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ട് വെച്ചത്. 1956 ജൂൺ മാസം 22, 23, 24 തിയ്യതികളിൽ തൃശൂരിൽവെച്ച് ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം പുതിയ കേരളം പടുത്തുയർത്താനുള്ള "ബ്ലൂപ്രിന്റ്" ആയിരുന്നു. ഇരുപത്തിയഞ്ചിനങ്ങളിലായി രൂപീകരിക്ക പ്പെട്ട മിനിമം പരിപാടി സർവ്വതല സ്പർശിയും കേരളത്തിന്റെ സമഗ്ര വികസത്തിനാവശ്യമായ രൂപരേഖയുമായിരുന്നു.



## ഒന്നാം മന്ത്രിസഭയും "വിമോചന സമരവും"

1957 ഏപ്രിൽ അഞ്ച് ലോകചരിത്രത്തിലെ വിസ്മയകരമായ ദിനങ്ങളിലൊന്നാണ്. സായുധ കലാപങ്ങളിൽ കൂടിയല്ലാതെ ബൂർഷ്വാ പാർലമെന്ററി തെരഞ്ഞെടുപ്പിന്റെ പാത സ്വീകരിച്ച് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേക്കെത്തിയ ദിവസം. കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും സ്നേഹിക്കുന്നവരെ മാത്രമല്ല ഈ സംഭവം ആഹ്ളാദിപ്പിച്ചത്. കേരളത്തെ അറിയാവുന്ന എല്ലാ മതേതര ജനാധിപത്യവാദി കളെയും ആഹ്ളാദഭരിതരാക്കിയ ഒന്നായിരുന്നു കേരളത്തിലെ ഒന്നാം മന്ത്രിസഭയുടെ അധികാരമേൽക്കൽ. എന്നാൽ മറുവശത്താകട്ടെ അത് എല്ലാ വലതുപക്ഷ ശക്തികളുടെയും ഉറക്കംകെടുത്തിയ സംഭവവുമായിരുന്നു. അതുകൊണ്ടു തന്നെ തങ്ങളിൽ അർപ്പിതമായിട്ടുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ മന്ത്രിസഭയും, എന്തു വിലകൊടുത്തും ആ മന്ത്രിസഭയെ അട്ടിമറിക്കാൻ വലതുപക്ഷ ശക്തികളും, അവയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസും പ്രതിജ്ഞാബദ്ധമായിരുന്നു. കേരളത്തിന്റെ അന്നത്തെ ഗവർണറാകട്ടെ കേന്ദ്രസർക്കാറിന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ഏജന്റ് എന്ന നിലയിലാണ് പ്രവർത്തിച്ചത്. കമ്മ്യൂണിസ്റ്റ് സ്വതന്ത്രൻമാരായ എം.എൽ.എ. മാരെ ഒറ്റക്കൊറ്റക്ക് വിളിച്ച് സർക്കാറിനുള്ള പിന്തുണ മനസിലാക്കുക, സർക്കാറിന്റെ അനുവാദമില്ലാതെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയെ നോമിനേറ്റ് ചെയ്യുക തുടങ്ങി ഭരണഘടനാ കീഴ്വഴക്കങ്ങളെയാകെ വെല്ലുവിളിക്കുകയാണ് ഗവർണർ ചെയ്തതെങ്കിൽ, പുതിയ സർക്കാർ അധികാരത്തിലേറിയ ഉടൻതന്നെ കേരളത്തിലെ ക്രമസമാധാനനിലയാകെ തകർന്നെന്ന് പ്രഖ്യാപിക്കുകയാണ് അന്നത്തെ കോൺഗ്രസ് പ്രസിഡണ്ട് ശ്രീമന്നാരായണൻ ചെയ്തത്. അതോടൊപ്പം ചില കമ്മ്യൂണിസ്റ്റ് സ്വതന്ത്രൻമാരെ ചാക്കിലാക്കാനുള്ള കുത്സിതശ്രമവും കോൺഗ്രസ് നേതൃത്വം അവലംബിച്ചു. പക്ഷേ ഈ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. അഴിമതി ആരോപണങ്ങളടക്ക മുള്ള പ്രചരണ കോലാഹലങ്ങൾ നടത്തിയിട്ടും അതൊന്നും ജനങ്ങളുടെ ഇടയിൽ വിലപ്പോകാതായപ്പോൾ ഗവൺമെന്റിനെ താഴെയിറക്കാനുള്ള പ്രത്യക്ഷ സമരപരിപാടിയിലേക്കാണ്

വലതുപക്ഷപാർട്ടികൾ നീങ്ങിയത്. അതിനവർക്ക് ജാതിമത വർഗ്ഗീയശക്തികളുടെയും ജൻമി മുതലാളിത്ത കൂട്ടുകെട്ടിന്റെയും മാത്രമല്ല മറിച്ച്. സി.ഐ.എ. അടക്കമുള്ള ആഗോളചാരസംഘടന കളുടെ പിന്തുണയും ലഭിക്കുകയുണ്ടായി.

കാർഷികബന്ധബിൽ, വിദ്യാഭ്യാസബിൽ എന്നീ രണ്ട് സുപ്രധാന നിയമങ്ങളും പോലീസ് നയത്തിൽ വരുത്തിയ മാറ്റങ്ങളും ഭരണ പരിഷ്ക്കാരനടപടികളും ഒന്നാം ഇ.എം.എസ്. സർക്കാറിന്റെ സുപ്രധാനമായ സംഭാവനകളായിരുന്നു. കേരളസമൂഹത്തിലും ഭരണതലത്തിലും മൗലീകമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിച്ചുള്ളവയായിരുന്നു അവ.

ഭൂപരിഷ്ക്കരണമെന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഔദ്യോഗിക നയമായി പ്രഖ്യാപിച്ചിരുന്നതിനാൽ ഒന്നാം പൊതു തെരഞ്ഞെടുപ്പിനു ശേഷം പല സംസ്ഥാനങ്ങളിലും അധികാരത്തിൽ വന്ന കോൺഗ്രസ് സർക്കാരുകളും "ഭൂപരിഷ്ക്കരണ നിയമങ്ങൾ" പാസാക്കുകയുണ്ടായി. എന്നാൽ കോൺഗ്രസിന്റെ വർഗ്ഗസ്വഭാവം ഭൂപ്രഭുക്കളെയും സവർണ്ണമേധാവികളെയും സഹായിക്കുന്ന തരത്തിലുള്ളതായിരുന്നതിനാൽ, ഭൂപരിഷ്ക്കരണ നിയമങ്ങളിൽ അവർക്കനുകൂലമായ പഴുതുകൾ സൃഷ്ടിച്ചും സംസ്ഥാന നിയമസഭ ബിൽ പാസാക്കി പ്രസിഡണ്ടിന്റെ അനുമതി ലഭിക്കുന്നതിനിട യിലുള്ള കാലാവധിക്കുള്ളിൽ മിച്ചമുള്ള ഭൂമി ബിനാമികൾക്ക് കൈമാറ്റം ചെയ്യാനുള്ള അവസരമൊരുക്കികൊടുത്തുകൊണ്ടുമാണ് നടപ്പിൽ വരുത്താൻ ശ്രമിച്ചത്. ഫലത്തിൽ ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ മിച്ചഭൂമി ഇല്ലാത്ത അവസ്ഥയുണ്ടാവു കയും ഭൂരഹിതരായ ദരിദ്ര കർഷകർ അതേ നിലയിൽതന്നെ തുടരുകയും ചെയ്തു. കേരളത്തിൽ ഇത്തരമൊരവസ്ഥ സംജാത മാവാതിരിക്കാനുള്ള മുൻ കരുതലുകൾ സർക്കാർ എടുക്കുക യുണ്ടായി. ഏപ്രിൽ 5-ാം തിയ്യതി അധികാരത്തിൽവന്ന സർക്കാർ ഏപ്രിൽ പതിനൊന്നാം തിയ്യതി തന്നെ എല്ലാത്തരം കുടിയിറക്കലുകളും ഒഴിപ്പിക്കലുകളും നിരോധിച്ചുകൊണ്ടുള്ള ഓർഡിനൻസ് പാസാക്കി. തൻമൂലം ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകളെ തുരങ്കംവെക്കുന്ന രീതിയിലുള്ള കുടിയിറക്കലുകളും ഒഴിപ്പിക്കലുകളും ഭൂപ്രഭുക്കൻമാർക്ക് നടപ്പിലാക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല തങ്ങളുടെ ഭൂമിയിൽ ഉറച്ചു നിൽക്കാൻ കുടിയാൻമാർക്ക്





അധികാരം നൽകുകയും ചെയ്തു. എന്നാൽ കാർഷിക ബന്ധത്തിൽ മൗലികമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമായിരുന്ന ഭൂപരിഷ്ക്കരണ നിയമത്തിന് കാലതാമസം വരുത്താനും ആവശ്യമായത്ര വെള്ളം ചേർക്കാനുമാണ് പിന്നീടുവന്ന സർക്കാരുകൾ തയ്യാറായത്. പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം രണ്ടാം ഇ.എം.എസ്. സർക്കാറിന്റെ കാലത്തു മാത്രമാണ് ഈ നിയമത്തെ പ്രാബല്യത്തിൽ വരുത്താനായത്.

വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമല്ലെന്നും അതിനു തയ്യാറാകുന്ന വ്യക്തികൾക്കോ സംഘടനകൾക്കോ സഹായം ചെയ്യുക മാത്രമാണ് സർക്കാരിന്റെ ബാധ്യതയെന്നുമുള്ള നിലപാടാണ് ബ്രിട്ടീഷ് ഭരണം തുടർന്നു വന്നത്. മലബാറിൽ ഇതിന്റെയടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവരികയും ഒരു വിഭാഗത്തിനുള്ള ധനാഗമ മാർഗമായി ഈ സ്ഥാപനങ്ങൾ മാറുകയും ചെയ്തു. തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള അവസ്ഥയും വലിയ വ്യത്യാസമില്ലാത്തതായിരുന്നു. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ഈ അവസ്ഥക്കു മാറ്റമുണ്ടാകാതിരുന്നപ്പോൾ അതിനെതിരെ അധ്യാപക സംഘടനകളുടെയും സാമൂഹിക പ്രതിബദ്ധതയുള്ള മറ്റ് പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ വലിയ പ്രക്ഷോഭണ ങ്ങളുണ്ടായി. വിദ്യാഭ്യാസ മേഖലയാകെത്തന്നെ സ്വകാര്യ മാനേജ്മെന്റിന്റെയും നിയന്ത്രണത്തിലാകുകയും തങ്ങളുടെ നിക്ഷിപ്തതാൽപര്യങ്ങൾ സംരക്ഷിക്കാനുള്ള സ്ഥാപനങ്ങളായി ഇതിനെ തരംതാഴ്ത്തുകയും ചെയ്തു. 1957 ലെ വിദ്യാഭ്യാസ ബില്ലിൽ എതിരാളികൾ പറഞ്ഞുപരത്തിയ പോലെ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാനോ, അവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം കൈക്കലാക്കുവാനോ ഉള്ള ഒരു വകുപ്പുമുണ്ടാ യിരുന്നില്ല. ഭരണഘടനാ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് വരുത്താവുന്ന ചില പരിഷ്ക്കാരങ്ങൾ മാത്രമാണ് അത് ലക്ഷ്യം വെച്ചത്. അദ്ധ്യാപക നിയമനം, ശമ്പള വ്യവസ്ഥ, പിരിച്ചുവിടാനും ശിക്ഷാനടപടികളെടുക്കുവാനും മാനേജ്മെന്റുകൾക്കുള്ള അവകാശം മുതലായ കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുക മാത്രമാണ് ഗവൺമെന്റ് തയ്യാറാക്കിയ കരട് ബിൽ ചെയ്തത്. എന്നാൽ മിതമായ ഈ പരിഷ്ക്കാരങ്ങൾപോലും സ്വകാര്യ മാനേജ്മെന്റോ, അവർക്കു നേതൃത്വം നൽകുന്ന പള്ളിമേധാവികളോ

അംഗീകരിച്ചില്ലെന്നു മാത്രമല്ല കമ്മ്യൂണിസ്റ്റ് സർക്കാർ പള്ളിമുതൽ കയ്യടക്കാൻ പോകുന്നു എന്ന മുറവിളികൂട്ടി സാധാരണ വിശ്വാസികളെ പ്പോലും ഗവൺമെന്റിനെതിരെ തിരിക്കുവാനുള്ള ഒരവസരമാക്കി ഇതിനെ മാറ്റുകയുണ്ടായി. സർക്കാറിന്റെ കർഷകരോടും തൊഴിലാളികളോടുമുള്ള അനുഭാവപൂർവ്വമായ നിലപാടുകളിൽ വിറളി പിടിച്ച മറ്റ് സമുദായ നേതാക്കൻമാരും ക്രിസ്ത്യൻമത മേധാവികളുടെ സർക്കാർ വിരുദ്ധ പ്രക്ഷോഭണങ്ങൾക്ക് പിന്തുണയു മായി രംഗത്തെത്തി.

തൊഴിലാളി കർഷക ബഹുജന പ്രക്ഷോഭങ്ങളെ മൃഗീയമായി അടിച്ചമർത്തുക, ലോക്കപ്പ് മർദ്ദനമടക്കമുള്ള മൂന്നാംമുറ പ്രയോഗിച്ച് കുറ്റം തെളിയിക്കാൻ ശ്രമിക്കുക, സമൂഹത്തിലെ സമ്പന്നൻമാർക്കും അധികാരവർഗ്ഗത്തിൽപ്പെടുന്നവർക്കും ഓശാന പാടുക, അവരുടെ നിർദ്ദേശപ്രകാരം താഴെതട്ടിലുള്ളവരെയും ജാതീയമായി അവശതയനുഭവിക്കുന്നവരെയും മർദ്ദിക്കുക തുടങ്ങിയവയാ യിരുന്നു സ്വാതന്ത്ര്യപൂർവ്വ പോലീസിന്റെ പൊതുസ്വഭാവങ്ങൾ. ഭരണകൂടത്തിന്റെ പ്രത്യക്ഷമായ മർദ്ദന ഉപകരണമായിട്ടാണ് പോലീസ്സേന പ്രവർത്തിച്ചുവന്നത്. ഈ സ്വഭാവങ്ങളെ ബൂർഷ്വാ ഭരണവ്യവസ്ഥക്കുള്ളിൽനിന്നുകൊണ്ട് മൗലികമായി മാറ്റാമെന്ന വ്യാമോഹം സർക്കാരിനോ കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ ഇല്ലായിരുന്നു. എന്നാൽ തൊഴിൽ സമരങ്ങൾ, ബഹുജന പ്രക്ഷോഭങ്ങൾ എന്നിവയിൽ പോലീസ് നേരിട്ടിടപെടുന്നത് തടയാതെ നിവൃത്തിയില്ലായിരുന്നു. അതുപോലെതന്നെ ക്രൂരമായ പോലീസ് മർദ്ദനവും ലോക്കപ്പ് പീഡനങ്ങളും അവസാനിപ്പി ക്കേണ്ടത് അത്യാവശ്യവുമായിരുന്നു. അതിനനുസൃതമായ ഒരു പോലീസ് നയമാണ് ഒന്നാം ഇ.എം.എസ്. സർക്കാർ സ്വീകരിച്ചത്. നടപ്പിലാക്കാൻ ഏറെ ബുദ്ധിമുട്ടുള്ള ഈ നയം പോലീസിന്റെ വീര്യം കെടുത്തുന്നു എന്ന ആക്ഷേപത്തിന് വിധേയമാകുകയുണ്ടായി. തങ്ങളുടെ ചോദ്യം ചെയ്യപ്പെടാത്ത അവസ്ഥക്ക് വിരാമമിട്ട സർക്കറിനെതിരേ കുറേയേറെ പോലീസ് മേധാവികളും തിരിഞ്ഞു. അവസരം കിട്ടുമ്പോൾ ക്രമസമാധാനപ്രശ്നം ഉയർത്തി ഗവൺമെന്റിന്റെ പ്രതിച്ഛായക്ക് കളങ്കം വരത്തക്കരീതിയിൽ പ്രവർത്തിക്കാൻ അവരിൽ ചിലർ തയ്യാറാകുകയും ചെയ്തു. അങ്ങിനെയാണ് ആദ്യം ചന്ദനത്തോപ്പിലും പിന്നീട് മൂന്നാർ തോട്ടം മേഖലയിലും തൊഴിലാളികൾക്കുനേരെ വെടിവെപ്പുണ്ടായത്.





വിദേശീയഭരണത്തിന്റെയും രാജാധിപത്യവാഴ്ചയുടെയും ചട്ടകൂടിനകത്തു പ്രവർത്തിച്ചുവന്ന ഭരണയന്ത്രത്തിന് സ്വത സിദ്ധമായ ദൗർബല്യങ്ങൾ പരിഹരിച്ച് ആധുനിക ജനാധിപത്യ ഭരണത്തിന് യോജിച്ച സംവിധാനമുണ്ടാക്കുകയെന്ന ഉദ്ദേശത്തോടു കൂടിയാണ് ഒന്നാം ഇ.എം.എസ്. സർക്കാർ അധികാരത്തിൽ വന്നയുടനെ തന്നെ ഒരു ഭരണപരിഷ്കാര കമ്മീഷനെ നിയോഗിച്ചത്. ഏതാണ്ട് ഒരുവർഷം നീണ്ടുനിന്ന നിഷ്കൃഷ്ടമായ പഠനത്തിനുശേഷം കമ്മിറ്റി റിപ്പോർട്ടു സമർപ്പിക്കുകയുണ്ടായി. ഇതേ കാലഘട്ടത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് പഠിക്കാനായി ബൽവന്ത്റായി മേത്ത കമ്മിറ്റിയെ നിയോഗിച്ചത്. ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുംകൂടി കൂട്ടിചേർത്താണ് ഭരണപരിഷ്ക്കാര റിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കൗസിൽ ബിൽ എന്ന പേരിലുള്ള ഒരു കരട് നിയമം നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങൾ നൽകുന്നതിന്പുറമെ അവയ്ക്കും സംസ്ഥാന ഗവൺമെന്റിനും ഇടയിൽ ജില്ലാ കൗൺസിൽ എന്ന ഒരു തട്ടുകൂടി ഏർപ്പെടുത്താൻ ആ നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. ജില്ലാ കൗൺസിലിന് വിപുലമായ അധികാരങ്ങൾ നൽകി, സെക്രട്ടേറിയറ്റിലെ ജോലിയുടെ ഗണ്യമായ ഒരു ഭാഗം വികേന്ദ്രീകരിക്കാനും പ്രസ്തുത നിയമം അനുശാസിച്ചിരുന്നു. ഈ നിയമം സഭയിൽ അവതരിപ്പിച്ച്, സെലക്റ്റ് കമ്മിറ്റിയെ ഏൽപ്പിച്ചെങ്കിലും അതിനിടക്ക് സർക്കാർ പിരിച്ചുവിടപ്പെട്ടു. അധികാരവികേന്ദ്രീകരണത്തിന്റെ ആദ്യ ചുവടുകൾ വെക്കാനാകാതെ പോയി.

## ബിർളാ കരാറും രാഷ്ട്രീയ പശ്ചാത്തലവും

പരമ്പരാഗതമായ കാർഷികവൃത്തിക്ക് ഊന്നൽ നൽകുന്ന ഒരു പിന്നോക്ക സംസ്ഥാനമായിരുന്ന കേരളത്തെ ആധുനിക ഉൽപാദനക്രമം പിന്തുടരുന്ന ഒന്നാക്കിമാറ്റണമെങ്കിൽ അതിൽ വ്യവസായ വൽക്കരണത്തിനുള്ള പ്രാധാന്യം ആ സർക്കാരും അതിന് നേതൃത്വം നൽകുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും തിരിച്ചറിഞ്ഞിരുന്നു. അതിനാവശ്യമായ നിർദ്ദേശങ്ങളായിരുന്നു മുകളിൽ സൂചിപ്പിച്ച 1956 ലെ സംസ്ഥാന സമ്മേളനപ്രമേയം. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗവൺമെന്റിന് അതിനാവശ്യമായ

മൂലധനനിക്ഷേപത്തിന് കഴിവില്ലായിരുന്നു. വൻകിട മുതലാളിമാരാകട്ടെ സംസ്ഥാനത്ത് വമ്പിച്ചതോതിലുള്ള മൂലധന നിക്ഷേപങ്ങൾ നടത്തിയിരുന്നുമില്ല. പിന്നെയുള്ള ഒരേയൊരു മാർഗ്ഗം കേന്ദ്ര നിക്ഷേപങ്ങളായിരുന്നു. എന്നാൽ കമ്മ്യൂണിസ്റ്റു പാർട്ടി നേതൃത്വം നൽകുന്ന ഒരു സർക്കാർ സംസ്ഥാനം ഭരിക്കുമ്പോൾ അതിനെ വ്യാവസായികമായി പുരോഗമിപ്പിക്കാനുള്ള നടപടികളെടുക്കുന്നതിനുപകരം സർക്കാറിനെ ശ്വാസംമുട്ടിച്ചു കൊല്ലാനുള്ള കുതന്ത്രങ്ങളുണ്ടാക്കുകയായിരുന്നു കേന്ദ്ര ഗവൺമെന്റിനു നേതൃത്വം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്. കേന്ദ്ര പൊതുമേഖലയുടെ ഏതെങ്കിലും വൻകിട വ്യവസായങ്ങൾ കേരളത്തിൽ തുടങ്ങാനുള്ള സാധ്യത അങ്ങേയറ്റം വിരളമായിരുന്നു. മൊത്തമുള്ള കേന്ദ്രനിക്ഷേപത്തിന്റെ ഒരുശതമാനത്തിൽ താഴെയായിരുന്നു കേരളത്തിലെ നിക്ഷേപം. രണ്ടാംപദ്ധതി കാലത്ത് സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിരുന്ന പൊതുമേഖലാ വൻകിടവ്യവസായങ്ങളൊന്നുപോലും കേരളത്തിനുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇവിടെ മൂലധനമിറക്കി വ്യവസായങ്ങൾ തുടങ്ങാൻ തയ്യാറായ പുറത്തുള്ള മുതലാളിമാരെ ഇങ്ങോട്ട് ആകർഷിക്കാനും ഇവിടെത്തന്നെയുള്ള അത്തരക്കാരെ പ്രോത്സാഹിപ്പിക്കാനും ഗവൺമെന്റ് ബോധപൂർവ്വം ശ്രമിക്കുകയുണ്ടായി. അല്ലാത്തപക്ഷം മറ്റ് പല സംസ്ഥാനങ്ങളും വ്യാവസായികമായി മുന്നേറുമ്പോൾ കേരളം മാത്രം പിന്നോട്ടടിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുകയും അത് സമൂഹത്തിന്റെ വളർച്ചയെ മുരടിപ്പിക്കുകയും ജനങ്ങളെ ദുരിതത്തിലാഴ്ത്തുകയും ചെയ്യും. ഈ തിരിച്ചറിവാണ് കുത്തകമുതലാളിമാരടക്കമുള്ള വ്യവസായികളെ കേരളത്തിൽ മൂലധനനിക്ഷേപം നടത്താൻ ക്ഷണിച്ചതിനു പിന്നിലുണ്ടായിരുന്നത്. ഇതിന്റെ ഫലമായി ഇന്ത്യയിലെ പ്രമുഖരായ രണ്ട് കുത്തകമുതലാളിമാരിലൊന്നായ ബിർളയെ കേരളത്തിൽ ഫാക്റ്ററി തുടങ്ങാൻ ക്ഷണിക്കുകയുണ്ടായി. ബിർള ഗ്രൂപ്പിന്റെ തലവനായ ജി.ഡി. ബിർളയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന ഗ്വാളിയോർ റയോൺസ് കമ്പനിയുമായാണ് മാവൂരിൽ ഒരു പൾപ്പ് ഫാക്റ്ററി സ്ഥാപിക്കാനുള്ള കരാർ സർക്കാർ ഉണ്ടാക്കിയത്. എന്നാൽ ഇത്തരമൊരു തീരുമാനം നിശിതമായ വിമർശനങ്ങൾക്കും ചർച്ചകൾക്കും വഴിയൊരുക്കുകയുണ്ടായി. മുതലാളിത്തത്തി





നെതിരായി പോരാടുന്ന വിപ്ലവപാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് ബിർളയെപോലെയുള്ള ഒരു കുത്തകമുതലാളിയുമായി എങ്ങിനെയൊരു കരാറിൽ ഏർപ്പെട്ടു എന്നതായിരുന്നു മുഖ്യമായ വിമർശനം. (കേരളത്തിൽ ഇപ്പോൾ വ്യവസായവൽക്കരണവുമായി ഉയർന്നുവരുന്ന പല ചോദ്യങ്ങളും ഇതേസ്വഭാവത്തിലുള്ളതാണെന്നു കാണാൻ സാധിക്കും). ഇതിനെ സംബന്ധിച്ച് അന്നത്തെ ഗവൺമെന്റിന് നേതൃത്വം നൽകിയ സ.ഇ.എം.എസ്. അഭിപ്രായപ്പെട്ടത് ഇങ്ങിനെയാണ്: “മുതലാളിത്തത്തിനെതിരായി ജനങ്ങളെയാകെ അണിനിരത്തി സോഷ്യലിസ്റ്റ് സമൂഹം നിലവിൽവരുത്താൻ സംഘടിതമായി പ്രവർത്തിക്കുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റുകാരുടേതെന്നതിൽ തർക്കമില്ല. ബിർളയെയും ടാറ്റയെയുംപോലുള്ള കുത്തകമുതലാളിമാരെ തടിപ്പിക്കാൻ സഹായിക്കുന്ന കോൺഗ്രസ് ഗവൺമെന്റിന്റെ നയത്തിന് പാർടി തീർത്തും എതിരാണുതാനും. അപ്പോൾ പിന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി ബിർളയുമായി കരാറുണ്ടാക്കുകയോ ഇതാണ് ചോദ്യം. ഇതിനൊരു മറുവശമുണ്ട്. പാർട്ടി ഇന്ന് പ്രവർത്തിക്കുന്നത് നിലവിലുള്ള ബൂർഷ്വ ചട്ടകൂടിനകത്താണ്. കോൺഗ്രസ് ഗവൺമെന്റ് തുടർന്നു പോരുന്ന നയസമീപനങ്ങൾക്ക് വിധേയമായാണ്. അങ്ങിനെയേ പ്രവർത്തിക്കാൻ കഴിയൂ. ബൂർഷ്വാ വർഗ്ഗ സ്വഭാവത്തോടെ രൂപപ്പെടുത്തിയ ഭരണഘടനയുടെ ചട്ടകൂടിനകത്തും കേന്ദ്ര കോൺഗ്രസ് ഗവൺമെന്റിന്റെ ഭരണനയങ്ങൾക്ക് കീഴ്പ്പെട്ടും പ്രവർത്തിക്കാൻ ബാധ്യതപ്പെട്ട ഒരു സംസ്ഥാന ഗവൺമെന്റിന്റെ മേൽനോട്ടമാണ് പാർട്ടി നടത്തികൊണ്ടിരിക്കുന്നത്. പാർട്ടിയുടെ മൗലികമായ നയസമീപനങ്ങളും, സാഹചര്യങ്ങൾ നിമിത്തം നടപ്പിൽവരുത്താൻ പാർട്ടി ബാധ്യതപ്പെട്ട സമീപനവും തമ്മിൽ പ്രത്യക്ഷത്തിൽകാണുന്ന ഈ വൈരുദ്ധ്യം എങ്ങിനെ ഇല്ലാതാക്കാം? മറ്റുപല പ്രശ്നങ്ങളിലുമെന്നപോലെ ഇതിലും പാർട്ടിയുടെ അന്തിമ ലക്ഷ്യം വിടാതെയും അതിലേക്കെത്താൻ സഹായിക്കുംവിധത്തിലും ഇന്ന് പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുക എന്ന തത്വാധിഷ്ടിതവും പ്രായോഗികവുമായ നിലപാടുകൾ എടുക്കുകയല്ലാതെ വേറെ പരിഹാരമാർഗമില്ല”. (കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ, വാള്യം 2 പുറം 131). അദ്ദേഹം വീണ്ടും പറയുന്നു: ‘പക്ഷേ കേരളമടക്കം എല്ലാ സംസ്ഥാനങ്ങളിലും പ്രവൃത്തിയിൽ വന്നുകൊണ്ടിരിക്കുന്നത്

പാർട്ടിയുടെ പദ്ധതിയല്ല, കോൺഗ്രസിന്റേതാണ്. സ്വകാര്യ മേഖലയെ പൊതുവിലും കുത്തകമുതലാളിമാരെ പ്രത്യേകിച്ചും തടിപ്പിക്കുന്ന കോൺഗ്രസ് നയമാണ്. കുത്തകകളുടെ വളർച്ച തടഞ്ഞും പൊതുമേഖലയെ ബോധപൂർവ്വം വളർത്തിയുമുള്ള കമ്മ്യൂണിസ്റ്റ് സമീപനമല്ല പ്രയോഗത്തിലിരിക്കുന്നത്. ഈ യാഥാർത്ഥ്യം കണക്കിലെടുത്ത് കോൺഗ്രസ് ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്ന വ്യവസായവൽക്കരണത്തിന്റെ ഭാഗമെന്ന നിലക്ക് കേരളത്തിലും പുതിയ വ്യവസായങ്ങൾ തുടങ്ങാൻ നോക്കണമോ അതോ കേരളത്തിൽ മാത്രമായി കുത്തക മുതലാളിമാരുടെ വളർച്ച തടയാൻ നോക്കണമോ? ഇതായിരുന്നു പാർട്ടിയെ നേരിട്ട പ്രശ്നം' (അതേ പുസ്തകം. പേജ് 132)

ബിർളയുമായി കരാർ ഉണ്ടാക്കിയതുമൂലം കേരളം വ്യവസായ നിക്ഷേപ സൗഹൃദമാണെന്ന ആശയത്തിന് ഒരളവുവരെ പ്രചാരം ലഭിക്കുകയും പ്രീമിയർ ടയർ അടക്കമുള്ള പല വ്യവസായങ്ങളുടെയും ഉടമകൾ കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറാകുകയും ചെയ്തു. കേന്ദ്രഗവൺമെന്റിന്റെ സംസ്ഥാന വിരുദ്ധ നിലപാടുകളെയും മുതലാളിമാരിൽ വളർത്തിവിട്ട ആശങ്കകളെയും ഇങ്ങിനെ മാത്രമെ മറികടക്കാനാകുമായിരുന്നുള്ളൂ. പക്ഷേ ഈ നിലപാട് തുടർന്നു പോകാനും കേരളത്തെ വ്യവസായവൽക്കരിക്കാനും ആ ഗവൺമെന്റിന് കഴിഞ്ഞില്ല. കേന്ദ്രം ഇടപെട്ട് സംസ്ഥാന സർക്കാറിനെ പിരിച്ചു വിടുകയുണ്ടായി.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചപ്പോൾ മുതൽ അതിനെ താഴെ ഇറക്കാനുള്ള ശ്രമം സംസ്ഥാന കോൺഗ്രസിന്റെ ഭാഗത്തുനിന്നുണ്ടായി. ഭൂപ്രഭുക്കളും ജാതിമതമേധാവികളുമെല്ലാം ഇവരോടു കൂട്ടുകൂടുകയും ചെയ്തു. തങ്ങൾ അതുവരെ അനുഭവിച്ചു പോന്ന അധികാരത്തെ ചോദ്യം ചെയ്യുന്ന ശക്തികൾ ഉയർന്നു വരികയും അവർക്ക് സംരക്ഷണത്തിനായി സർക്കാർതന്നെ നിലപാടെടുക്കുകയും ചെയ്തപ്പോൾ അത്തരമൊരു സർക്കാറിനെ താഴെ ഇറക്കാൻ എല്ലാ ജനാധിപത്യ മര്യാദകളെയും കാറ്റിൽ പറത്തികൊണ്ട് തെരുവിലിറങ്ങുന്നതിന് കോൺഗ്രസിനോ അവരുടെ കൂട്ടാളികളായ ജാതിമത നേതൃത്വത്തിനോ യാതൊരു മടിയുമുണ്ടായില്ല. അവരുടെ ജനാധിപത്യവിരുദ്ധ സമരത്തിന് ന്യായീകരണമായി 'സെൽഭരണം'





തുടങ്ങി 'സ്ത്രീകളെ പൊതുസ്വത്താക്കുന്ന സമ്പ്രദായം' വരെ പ്രചരിപ്പിക്കുകയുണ്ടായി. ഈ വിമോചന സമരനേതാക്കൻമാർക്ക് ആവശ്യമായ അർത്ഥവും പിന്തുണയും കടൽകടന്നെത്തി. 'വിമോചന സമരത്തെ' വളർത്തി കമ്മ്യൂണിസ്റ്റ് സർക്കാറിനെ താഴെയിറക്കാൻ സി.ഐ.എ. അന്നത്തെ കോൺഗ്രസ് നേതാക്കൾക്ക് പണം നൽകിയിട്ടുണ്ടെന്ന് ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി യായിരുന്ന മൊയ്നിഹാൻ വെളിപ്പെടുത്തുകയുണ്ടായി. കുപ്രസിദ്ധമായ ഈ സമരത്തിന് ആശയപരമായ പശ്ചാത്തല മൊരുക്കാൻ ലക്ഷക്കണക്കിന് ഡോളറാണ് അവർ ചെലവഴിച്ച തെന്നും മാധ്യമങ്ങളിൽകൂടിയും പ്രസിദ്ധീകരണങ്ങളിൽ കൂടിയും കമ്മ്യൂണിസ്റ്റ് വിരുദ്ധജ്വരം ആളിപടർത്താൻ അവർ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചതായും ഡോ. തോമസ് ഐസക്ക് തന്റെ പുസ്തകത്തിൽ വെളിപ്പെടുത്തുന്നു. എന്തായാലും സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഒരു വലിയ വിഭാഗം ജനങ്ങളെ വിശ്വാസ ത്തിന്റെയും ആചാരങ്ങളുടെയും പേരിൽ തെരുവിലിറക്കാനും നിരപരാധികളായ കുറെപേരെ രക്തസാക്ഷികളാക്കാനും അങ്ങിനെ സംസ്ഥാന സർക്കാറിനെ പിരിച്ചുവിടാൻ ആവശ്യമായ രാഷ്ട്രീയ പരിസരം സൃഷ്ടിക്കാനും ഇവർക്കു കഴിഞ്ഞു വെന്നതാണ് സത്യം. 1959 ജൂലായ് 31 ന് കേന്ദ്ര സർക്കാർ കേരള ഗവൺമെന്റിനെ അധികാരത്തിൽനിന്ന് പുറത്താക്കി.

വിമോചനസമരാഭാസത്തിന്റെയും സംസ്ഥാന സർക്കാറിന്റെ പിരിച്ചുവിടലിന്റെയും അഞ്ചുപതിറ്റാണ്ടുകൾക്കുശേഷം ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ശ്രദ്ധേയമായ ചില വസ്തുതകളുണ്ട്:

1. വിമോചന സമരത്തിന് നേതൃത്വം നൽകിയ വളരെയേറെപ്പേർ ആ സമരത്തെ പിന്നീട് തള്ളിപ്പറയുകയുണ്ടായി. കേരള സമൂഹത്തിന്റെ ജനാധിപത്യപരമായ വളർച്ചക്ക് തടസം സൃഷ്ടിക്കാനേ അതുപകരിച്ചുള്ളുവെന്ന് പലരും കുറ്റസമ്മതം നടത്തുകയുണ്ടായി.

2. കേരളത്തിന്റെ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്തുവാൻ സാധിക്കുമായിരുന്ന കാർഷിക പരിഷ്ക്കരണത്തെ അത് മുളയിലേ നുള്ളിക്കളഞ്ഞു. ഉൽപാദന വർദ്ധനവിനെ ഉന്നംവെക്കുന്ന രണ്ടാംഘട്ട കാർഷിക വിപ്ലവം നടക്കാതെ പോകുകയും കാർഷിക മേഖല മുരടിക്കുകയും ചെയ്തു.

3. അധികാരവികേന്ദ്രീകരണമെന്ന ആശയം സമൂഹത്തിന് നഷ്ടമാകുകയും അധികാരകേന്ദ്രീകരണം പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു. ഗ്രാമതല ജില്ലാതല ആസൂത്രണമെന്നത് നടപ്പിലാക്കിയെടുക്കാൻ വീണ്ടും മൂന്നര പതിറ്റാണ്ട് കാത്തിരിക്കേണ്ടി വന്നു.

4. വിദ്യാഭ്യാസ മേഖലയിൽ ജാതിമതശക്തികൾ പൂർവ്വാധികം ശക്തിയോടെ പിടിമുറുക്കാൻ ശ്രമിക്കുകയും വിദ്യാഭ്യാസ സമ്പ്രദായത്തെ ആധുനികവൽക്കരിക്കാനുള്ള പ്രക്രിയ പിറകോട്ടടിക്കുകയും ചെയ്തു. ആദ്ധ്യാപക നിയമനം, കരിക്കുലം നിശ്ചയിക്കൽ, വിദ്യാർത്ഥി പ്രവേശനം തുടങ്ങി ഒട്ടനവധി മേഖലകളിൽ ജനാധിപത്യത്തിനും ശാസ്ത്രീയ വീക്ഷണത്തിനും സ്ഥാനമില്ലാതായിത്തീർന്നു. ഇത് കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും, അടുത്ത തലമുറയായപ്പോഴേക്കും അഖിലേന്ത്യാ മത്സര പരീക്ഷകളടക്കമുള്ളവയിൽ മലയാളികൾക്ക് പിടിച്ചിനിൽക്കാനാകാതെ വരികയും ചെയ്തു.

5. ജാതി, മത, വർഗ്ഗീയ ശക്തികൾ രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടാൻ തുടങ്ങുകയും സമൂഹത്തിന്റെ മതേതരസ്വഭാവത്തിൽ വെള്ളം ചേർക്കപ്പെടുകയും ചെയ്തു. കേരളത്തിൽ പിന്നീടു നടന്ന തെരഞ്ഞെടുപ്പുകളിൽ ഈ ശക്തികൾ പലപ്പോഴും നിർണായകമായ പങ്കു വഹിക്കുന്ന ഒരു സ്ഥിതി സംജാതമായി.

6. കേരളത്തിന്റെ വ്യവസായവൽക്കരണത്തിനായി നടത്തിയ ശ്രമങ്ങൾ അതേ തീവ്രതയിൽ മുന്നോട്ടു കൊണ്ടുപോകാനായില്ല. മൂലധനം സമാഹരിക്കാനും പൊതുസ്വകാര്യ മേഖലകളെ പ്രോത്സാഹിപ്പിക്കുവാനും ആവശ്യമായ ബോധപൂർവ്വമായ ഇടപെടലുകൾ പതിറ്റാണ്ടുകളോളം കേരളത്തിൽ നടന്നില്ല. കാര്യങ്ങൾ ചട്ടപ്പടി പുരോഗമിക്കുന്ന ഒരു സമ്പ്രദായമാണ് പ്രോത്സാഹിപ്പിക്കപ്പെട്ടത്. തൻമൂലം മറ്റ് സംസ്ഥാനങ്ങളിൽ നടന്ന മൂലധന നിക്ഷേപത്തിന്റെ ചെറിയ ഒരളവുപോലും കേരളത്തിൽ നടന്നില്ല. വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാർക്ക് അതുകൊണ്ടുതന്നെ തൊഴിലിനായി പുറംനാടു കളിലേക്ക് ചേക്കേറേണ്ടിവന്നു.





വിമോചന സമരത്തിന്റെ തിക്തഫലങ്ങൾ ഇന്നും കേരള സമൂഹത്തിലുണ്ടെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. വീണ്ടും ഒരു വിമോചന സമരത്തിന്റെ കേളികൊട്ടുമായി രംഗത്തെത്തുന്നവർ ഈ വസ്തുതകളെ തിരിച്ചറിയാത്തവരോ അല്ലെങ്കിൽ അത്തരമൊരു ജനവിരുദ്ധ സമരത്തിന്റെ ഗുണഭോക്താക്കളോ ആണ്.

ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ രണ്ടു വർഷം കഴിഞ്ഞപ്പോൾ അധികാരത്തിൽ നിന്ന് പുറത്താക്കിയെങ്കിലും ആ മന്ത്രിസഭ കേരള സമൂഹത്തിലുണ്ടാക്കിയ സ്വാധീനം വളരെ വലുതായിരുന്നു. അതുവരെ കേരള സമൂഹത്തിൽ നടന്ന സമൂഹ്യ മുന്നേറ്റങ്ങളുടെയും രാഷ്ട്രീയപ്രക്ഷോഭങ്ങളുടെയും പരിണിതഫലമായിരുന്നു ആ മന്ത്രിസഭ. ആ സാമൂഹ്യ മുന്നേറ്റങ്ങളുടെ ആശയ പരിസരം കേരളത്തിൽ തുടർന്നും നിലനിൽക്കുകയുണ്ടായി. ഇടതുപക്ഷ ബോധവും സമത്വാധിഷ്ടിത കാഴ്ച്ചപ്പാടും സമൂഹത്തിന്റെ പൊതുമനോഘടനയായിമാറി. ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തങ്ങളെ സംബന്ധിച്ചും അവശ്യം നിർവ്വഹിക്കേണ്ട സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ചും ചില ഉറച്ച ധാരണകൾ സമൂഹത്തിന് നൽകികൊണ്ടാണ് ഒന്നാം ഇ.എം.എസ്. സർക്കാർ അധികാരം ഒഴിഞ്ഞത്. തുടർന്നുവന്ന എല്ലാ സർക്കാരുകൾക്കും ഈ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടിവന്നു. ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ ശ്രദ്ധപതിപ്പിക്കാൻ എല്ലാ സർക്കാരുകളും നിർബന്ധിതമായി. എന്നാൽ ഉൽപാദന മേഖലയിൽ കാര്യമായ സംഭവന ചെയ്യാൻ പല ഗവൺമെന്റുകൾക്കും സാധിച്ചില്ല. കാർഷിക വ്യാവസായിക മേഖലകളിലെ ഉൽപാദനം വർദ്ധിപ്പിക്കാനോ മൂല്യവർദ്ധനവിൽ ഊന്നിയുള്ള ഉൽപാദന പ്രവർത്തനത്തെ പ്രോൽസാഹിപ്പിക്കാനോ കഴിഞ്ഞില്ല.

## കേരള മോഡൽ

സംസ്ഥാനത്തിന്റെ സാമൂഹ്യസാമ്പത്തിക മേഖലകളെ പരിശോധിച്ചാൽ രണ്ട് പ്രതിഭാസങ്ങൾ ശ്രദ്ധയിൽപ്പെടും. വിദ്യാഭ്യാസം, ആരോഗ്യമടക്കമുള്ള സാമൂഹ്യ ക്ഷേമമേഖലകളിൽ ഗവൺമെന്റിന്റെ വർദ്ധിച്ച ചെലവുകളും മറ്റു സംസ്ഥാനങ്ങളിലേക്കും അന്യരാജ്യങ്ങളിലേക്കുമുള്ള വർദ്ധിച്ച തോതിലുള്ള കുടിയേറ്റവുമാണിവ.

സർക്കാരിന്റെ റവന്യൂചിലവിന്റെ സിംഹഭാഗവും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും മാറ്റിവെക്കുന്ന സംസ്ഥാനമാണ് കേരളം. 1975-76 ൽ മൊത്തം റവന്യൂചിലവിന്റെ 49.92 ശതമാനം വിദ്യാഭ്യാസ മേഖലക്കും 14.33% ആരോഗ്യമേഖലക്കുമായിരുന്നു. എന്നാൽ അതേ വർഷം വ്യവസായത്തിനും തൊഴിലിനുമായി നീക്കിവെക്കപ്പെട്ടത് 2.33 ശതമാനം മാത്രമായിരുന്നു. എന്നാൽ ഈ രീതിയിൽ ക്രമേണ മാറ്റം വരികയും സാമൂഹ്യക്ഷേമ മേഖലകളിലെ ഗവൺമെന്റ് ചെലവ് കുറഞ്ഞ് വരികയും ചെയ്തു. 2000-01 ൽ മൊത്തം റവന്യൂ ചിലവിന്റെ 40.96 ശതമാനമായിരുന്നു വിദ്യാഭ്യാസ മേഖലയിലുണ്ടായത്; ആരോഗ്യ മേഖലയിൽ 13.09 ശതമാനവും. സർക്കാരിന്റെ ഈ രീതിയിലുള്ള ചിലവുകൾ ഈ രണ്ടു മേഖലകളെയും മറ്റുള്ള സംസ്ഥാനങ്ങളെക്കാളും മുന്നിലേക്കു കൊണ്ടുവരികയുണ്ടായി. ഇതോടൊപ്പം നടപ്പിലാക്കിയ മറ്റ് ക്ഷേമപ്രവർത്തനങ്ങളും ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും കേരളത്തിൽ ആരോഗ്യസമ്പന്നരായ, വിദ്യാഭ്യാസമുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ മറുവശമാവട്ടെ മറ്റൊരു ഗുരുതമായ പ്രതിസന്ധിയെയാണ് വെളിവാക്കിയത്. കാർഷിക വ്യാവസായിക മേഖല മുരടിച്ചതു കാരണം ഈ പുതിയ തലമുറയെ ഉൾക്കൊള്ളാൻ അതിനു കഴിഞ്ഞില്ല. മറ്റു പരമ്പരാഗത വ്യവസായങ്ങളും കമ്പോളത്തിലെ മത്സരത്തിൽ പിടിച്ചു നിൽക്കാനാവാതെ ബുദ്ധിമുട്ടി. ഈ സാഹചര്യം കേരളത്തിൽ നിന്ന് തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും പ്രത്യേകിച്ച് ഗൾഫ് മേഖലയിലേക്കും കുടിയേറാൻ യുവതീയുവാക്കളെ നിർബന്ധിതരാക്കി. ഈ കുടിയേറ്റം നിർബാധം തുടരുകയും 1980 ആയപ്പോഴേക്കും രണ്ടര ലക്ഷത്തോളം മലയാളികൾ അന്യനാട്ടിൽ പണിയെടുക്കുന്നുണ്ടായിരുന്നു. ഈ സംഖ്യ 1990 ആയപ്പോഴേക്കും ഏഴു ലക്ഷം കവിയുകയും 2004 ൽ അത് 27 ലക്ഷത്തിനുമേലേയാവുകയും ചെയ്തു. ഇവരിൽക്കൂടി കേരളത്തിലേക്കു വന്ന സമ്പത്തും ഗണ്യമായി വർദ്ധിക്കുകയുണ്ടായി. 1981 ൽ 337 കോടി രൂപയാണ് കേരളത്തിലേക്ക് പുറം നാടുകളിൽ നിന്ന് വന്നതെങ്കിൽ 1991 ൽ 2428 കോടി രൂപയും 2001 ൽ 15732 കോടി രൂപയും 2003 ൽ 18465 കോടി രൂപയുമായി വർദ്ധിച്ചു. 2009 ൽ ഇത് നാൽപതിനായിരം കോടി രൂപയായി ഉയർന്നു.





ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ മേഖലകളിലുള്ള ഇടപെടലുകളും വിദേശത്തുനിന്നുള്ള വരുമാനവും കേരളത്തിന്റെ ജീവിത നിലവാരത്തെ ഗുണപരമായി സ്വാധീനിച്ചു. എഴുപതുകളായപ്പോഴേക്കും കേരളത്തിന്റെ സാമൂഹ്യവികസന സൂചികകൾ വികസിത രാഷ്ട്രങ്ങളോട് തുല്യം നിൽക്കുന്നവയായി. ഉല്പാദന മേഖലയിൽ കാര്യമായ വികസനം നടക്കാതെ സാമൂഹ്യ മേഖലകളിൽ ഗണ്യമായ നേട്ടങ്ങളുണ്ടാക്കാമെന്ന് കേരളം തെളിയിക്കുകയായിരുന്നു. ജനനനിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ്. സമ്പൂർണ്ണ സാക്ഷരതയും സമ്പൂർണ സ്കൂൾ പ്രവേശനവും കേരളത്തിനുമാത്രം അവകാശപ്പെട്ടതാണ്. ഭൗതീക ജീവിത ഗുണാങ്കങ്ങളിൽ മാത്രമല്ല ജീവിത ശൈലിയിലും സാംസ്കാരിക ജീവിതത്തിലും വലിയ മാറ്റങ്ങളാണുണ്ടായത്. ഈ വസ്തുതകളാണ് അമർത്യസെന്നടക്കമുള്ളവരുടെ പ്രശംസ പിടിച്ചുപറ്റിയ "കേരള മോഡൽ" വികസന മാതൃക.

എന്നാൽ ഇത്തരമൊരു വികസന മാതൃകയ്ക്ക് ദീർഘകാലം പിടിച്ചു നിൽക്കാനാവില്ല. സുശക്തമായ സാമ്പത്തിക അടിത്തറയില്ലാതെ ഒരു ഘട്ടം കഴിഞ്ഞാൽ ഈ വികസന രീതിയെ മുന്നോട്ടു കൊണ്ടു പോകാനാവില്ല. ഈ ചെലവുകളെ നേരിടാൻ ഖജനാവിന് കഴിവില്ലാതായിത്തീരുമ്പോൾ വികസനമാതൃക തകർന്നു വീഴുക തന്നെ ചെയ്യും. സാമൂഹ്യക്ഷേമ മേഖലകളിലുള്ള സർക്കാരിന്റെ ചിലവ് കുറഞ്ഞു വരുന്നതായിക്കാണാം. ഈ സ്ഥിതി കേരള മോഡൽ വികസനത്തെ തകർക്കാനേ സഹായിക്കുകയുള്ളൂ.

## കേരള മോഡലിന്റെ പ്രതിസന്ധി

എൺപതുകളുടെ തുടക്കത്തിൽതന്നെ കേരളമോഡൽ പ്രതിസന്ധിയെ നേരിട്ടു തുടങ്ങിയിരുന്നു. സംസ്ഥാനം റവന്യൂക്കമ്മിയെ നേരിടുകയും തിരിച്ചടവ്, മറ്റ് ബാധ്യതകൾ എന്നിവക്ക് കൂടുതൽ പണമാവശ്യമാവുകയും ചെയ്തപ്പോൾ സാമൂഹ്യക്ഷേമ സംവിധാനങ്ങളിലെ ഗവൺമെന്റ് ചിലവുകൾ കുറയുകയുണ്ടായി. ഉൽപ്പാദന മേഖലകളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാതെ മുന്നോട്ടു പോകുന്നത് അപകടകരമാണ് എന്ന സൂചനയാണ് പല വിദഗ്ധന്മാരും നൽകിയത്. തൊഴിലില്ലായ്മ വർദ്ധിക്കുകയും, സാമൂഹ്യമേഖലകളിൽ കൂടുതൽ ആവശ്യങ്ങൾ ഉയർന്നുവന്നതും

സംസ്ഥാനത്തെ ഒരു പ്രതിസന്ധിയിലേക്കു നയിക്കുകയാണെന്ന തിരിച്ചറിവാണുണ്ടായത്. തൊണ്ണൂറുകളുടെ തുടക്കത്തിൽ ലോകസോഷ്യലിസ്റ്റ് ചേരിക്കേറ്റ തിരിച്ചടിയും, ഇന്ത്യയിൽ നടപ്പാക്കിയ നവലിബറൽ നയങ്ങളും ഈ തിരിച്ചറിവിനെ ശക്തിപ്പെടുത്തുകയുണ്ടായി. നരസിംഹറാവു മൻമോഹൻ സാമ്പത്തിക നയങ്ങൾ ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ ഇടപെടലുകളെ മാത്രമല്ല സാരമായി ബാധിച്ചത്. കാർഷിക മേഖലയിലടക്കമുള്ള സബ്സിഡി നിർത്തലാക്കിക്കൊണ്ടും ഉല്പാദന മേഖലകളിൽ ഗവൺമെന്റിന്റെ സ്ഥാനം വെട്ടിച്ചുരുക്കിക്കൊണ്ടും സ്വകാര്യമൂലധനത്തിന് പരിധികളില്ലാത്ത സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടും സാധാരണക്കാരുടേതല്ലാത്ത ഒരിന്ത്യയെ സൃഷ്ടിക്കാനാണ് ശ്രമിച്ചത്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഗുരുതരമായ ഒരു സ്ഥിതി വിശേഷത്തെയാണ് പ്രദാനം ചെയ്തത്. കേരളമോഡൽ വികസന മാതൃകയുടെ ശക്തി ദൗർബ്ബല്ല്യങ്ങളെ വിശദമായ ഒരു പരിശോധനക്കു വിധേയമാക്കുകയായിരുന്നു 1994 ൽ നടന്ന അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്. തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സ.ഇ.എം.എസ് ഇങ്ങിനെ പറയുകയുണ്ടായി. "മാനവ വികസന സൂചികകളിൽ സുപ്രധാനമായ മുറ്റേങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കാർഷിക, വ്യാവസായിക, തൊഴിൽ മേഖലകളിൽ കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളുടേയും ജനങ്ങളുടെ ജീവിത നിലവാരവർദ്ധനയുടെയും സാമൂഹ്യഅംശങ്ങൾക്ക് നമ്മൾ കൂടുതൽ സമയവും ശ്രദ്ധയും നൽകിയപ്പോൾ ഉല്പാദന വർദ്ധനവിന്റെയും സാമ്പത്തിക വളർച്ചയുടെയും കാര്യത്തിൽ ആവശ്യമായ ശ്രദ്ധയും ഉത്കണ്ഠയും നാം പ്രകടിപ്പിച്ചില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് പണ്ഡിതന്മാർ ചൊരിയുന്ന പ്രശംസാ വചനങ്ങളിൽ കുടുങ്ങി നമ്മൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ശ്രദ്ധതിരിക്കരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ നമ്മൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പിറകിലാണ്. ഇതിന് അടിയന്തിരമായി പരിഹാരം കണ്ടേ മതിയാവൂ. ഉല്പാദന മുരടിപ്പിന്റെയും തൊഴിലില്ലായ്മയുടെയും വിഷയങ്ങൾ നമ്മൾ അവഗണിച്ചാൽ





നമ്മുടെ സർവ്വനാശമായിരിക്കും അതിന്റെ ഫലം". ഇവിടെ സ. ഇ.എം.എസ് ചൂണ്ടിക്കാണിക്കുന്നത് വളരെ ഗുരുതരമായ സ്ഥിതിയേയാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഇനി മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ഉല്പാദന മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ സാധിക്കൂ. അത്തരമൊരു നിലപാട് രാഷ്ട്രീയ നേതൃത്വം കൈക്കൊണ്ടില്ലെങ്കിൽ കേരളം ആർജ്ജിച്ച എല്ലാ നേട്ടങ്ങളും താറുമാറായിപോകുകതന്നെചെയ്യും. സ.ഇ.എം.എസ് പ്രകടിപ്പിച്ച ആശങ്കയുടെയും ഉൽകണ്ഠയുടെയും അടിസ്ഥാനത്തിൽ ഒരു സ്വയം വിമർശനത്തിന് കേരളജനതയും രാഷ്ട്രീയ നേതൃത്വം തയാറാകേണ്ട സമയം അതിക്രമിച്ചു എന്നാണ് എനിക്ക് പറയാനുള്ളത്.

## പുതിയൊരു വ്യവസായ സംസ്കാരത്തിനുവേണ്ടി

കേരള പഠന കോൺഗ്രസിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും സമൂഹത്തിൽ പൊതുവെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ പ്രത്യേകിച്ചും നടന്ന ചർച്ചകളുമാണ് ജനകീയാസൂത്രണ പദ്ധതി ആവിഷ്ക്കരിക്കാൻ 1996 ൽ അധികാരത്തിൽ വന്ന ഇടതുമുന്നണി സർക്കാറിന് പ്രചോദനമായത്. പഞ്ചായത്ത്രാജ് സമ്പ്രദായവും വികേന്ദ്രീകൃതാസൂത്രണവും സമൂഹത്തിൽ ഒരു പുതിയ ചലനം സൃഷ്ടിക്കുകയുണ്ടായി. ആസൂത്രണത്തെയും ഉൽപ്പാദനത്തെയും താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുവാനും ഈ മേഖലകളിൽ ജനങ്ങളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനും ജനകീയാസൂത്രണത്തിന് സാധിച്ചു. സമ്പത്തുൽപ്പാദനം വലിയ തോതിൽ നടക്കുകയും ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ വലിയൊരളവു വരെ നിറവേറ്റാനും ഇതുമൂലം സാധിച്ചു. എന്നാൽ ജനകീയാസൂത്രണ പദ്ധതിയെ അട്ടിമറിക്കാനാണ് കോൺഗ്രസ് നേതൃത്വവും വലതുപക്ഷശക്തികളും ശ്രമിച്ചത്. 2001 ൽ അധികാരത്തിൽ വന്ന ഐക്യജനാധിപത്യ മുന്നണി സർക്കാർ ഈ പദ്ധതിയുടെ കടക്കൽതന്നെ കത്തിവെക്കുകയുണ്ടായി.

2001-06 ൽ കേരളം ഭരിച്ച ഐക്യജനാധിപത്യമുന്നണിസർക്കാർ കേന്ദ്ര ഗവൺമെന്റിനെ ആഗോളീകരണ നയങ്ങൾ അതേപടി തന്നെ നടപ്പിലാക്കാനാണ് തയ്യാറായത്. തൽഫലമായി ഉൽപാദന മേഖലകളിൽ മുരടിപ്പും, തൊഴിൽ മേഖലകളിൽ അസ്വാസ്ഥ്യങ്ങളും ഉടലെടുക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ വ്യവസായിക

ഉൽപാദനത്തിന്റെ അടിത്തറയായി പ്രവർത്തിക്കുന്ന പൊതുമേഖല നഷ്ടത്തിന്റെയും കെടുകാര്യസ്ഥതയുടെയും കൂത്തരങ്ങായി മാറുകയും ചെയ്തു. ഗവൺമെന്റിന്റെ ധനസ്ഥിതിയാകെത്തന്നെ താറുമാറാവുകയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നിശ്ചലമാവുകയും ചെയ്തു. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഈ തക്കമുപയോഗിച്ച് സ്വകാര്യ കുത്തകകൾ രംഗപ്രവേശം ചെയ്യുകയും, സർക്കാർ ആ മേഖലകളിലുള്ള നിയന്ത്രണങ്ങൾ പരമാവധി ലഘൂകരിക്കുകയും, സ്വകാര്യമേഖലക്ക് അമിതമായ പ്രോൽസാഹനങ്ങൾ നൽകുകയും ചെയ്തു. സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളുടെ അമിതമായ കടന്നുവരവ് ഈ മേഖലകളിൽ നിലനിന്ന സന്തുലിതാവസ്ഥയെ തകിടംമറിക്കുകയും തികച്ചും കച്ചവട സ്ഥാപനങ്ങളായി ഇവ തരം താഴ്ത്തപ്പെടുകയും ചെയ്തു.

2006 ൽ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന വേളയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മുന്നിലുണ്ടായിരുന്ന മുഖ്യമായ ചോദ്യം, അധികാരത്തിലേക്ക് വന്നാൽ ഏത് തരത്തിലുള്ളവികസനമായിരിക്കണം കേരളത്തിൽ നടപ്പാക്കേണ്ടത് എന്നതായിരുന്നു. 2005 ഡിസംബറിൽ നടത്തിയ കേരളപഠന കോൺഗ്രസിന്റെ മുഖ്യവിഷയവും കേരളം എങ്ങിനെ മുന്നോട്ടു പോകണം എന്നതിനെ ആസ്പദമാക്കിയായിരുന്നു. കേന്ദ്ര ഗവൺമെന്റ് പിന്തുടർന്നു വരുന്ന നവലിബറൽ മുതലാളിത്ത നയങ്ങൾ ഇന്ത്യയിലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനുമേൽ അമിതഭാരം കെട്ടിവെക്കുകയും സമൂഹത്തിലെ ഒരു ചെറിയ ശതമാനം സമ്പന്നൻമാർ മാത്രം തടിച്ചുകൊഴുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സാധാരണ ജനങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുക എന്നതായിരിക്കണം മുഖ്യ അജണ്ട എന്ന് പൊതുവിൽ സമ്മതിക്കുകയുണ്ടായി. എന്നാൽ കാർഷിക വ്യവസായിക സേവനമേഖലകളിൽ വമ്പിച്ച മുന്നേറ്റം നടത്തേണ്ടതാവശ്യമാണെും അങ്ങിനെയല്ലാത്തപക്ഷം കേരള സമൂഹത്തിന്റെ തകർച്ചയെ ത്വരിതപ്പെടുത്തുകയായിരിക്കും ഫലമെന്നും വിലയിരുത്തപ്പെടുകയുണ്ടായി. വ്യാവസായിക രംഗത്തെമുഖ്യപ്രതിസന്ധിയായിവിലയിരുത്തപ്പെട്ട മൂലധനിക്ഷേപ ത്തിന്റെ കുറവ് പരിഹരിക്കേണ്ട ആവശ്യകത പഠന കോൺഗ്രസിൽ





ഗൗരവമായി ഉയർത്തപ്പെട്ടു. അടുത്ത പത്ത് വർഷത്തേക്ക്, കേന്ദ്ര ഗവൺമെന്റിന്റെ അതേ വ്യവസായിക വളർച്ച സംസ്ഥാനത്തിന് ആർജ്ജിക്കണമെങ്കിൽ ചുരുങ്ങിയത് 20000 കോടി രൂപയെങ്കിലും ഈ മേഖലയിൽ നിക്ഷേപമുണ്ടാക്കണമെന്നതായിരുന്നു നിഗമനം.

2006 ൽ അധികാരത്തിൽവന്ന ഇടതുപക്ഷമുന്നണി സർക്കാരിന് നേരിടേണ്ടിവന്നത് ഗുരുതരമായ സ്ഥിതി വിശേഷങ്ങളെയാണ്. ശോഷിച്ച ഖജനാവ്, വൻ ബാധ്യതകൾ, മുരടിച്ച ഉൽപാദന മേഖലകൾ, സാമൂഹ്യക്ഷേമ മേഖലകളിലെ വളർച്ചയില്ലായ്മ എന്നിങ്ങനെ ഒട്ടനവധി പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടതായി വന്നു. ഇതിനെ മറികടക്കാൻ ഉൽപാദന വർദ്ധനവിന് ഊന്നൽ നൽകുന്ന ഒരു പദ്ധതിയാണ് സർക്കാർ ആവിഷ്ക്കരിച്ചത്. വ്യാവസായികമായി കേരളത്തെ മുന്നോട്ടു നയിക്കാനാവാശ്യമായ ഒരു പദ്ധതിക്ക് രൂപം നൽകുകയും അത് ചിട്ടയായി നടപ്പിലാക്കുകയുമാണ് ഏക പോംവഴിയെ തിരിച്ചറിവ് ഈ സർക്കാറിനുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യവസായിക നയത്തിന് 2007 ൽ രൂപം നൽകിയത്. കേന്ദ്ര സർക്കാർ പിന്തുടർന്ന് വരുന്ന നവലിബറൽ മുതലാളിത്ത നയങ്ങൾക്ക് ബദലുകൾ അവതരിപ്പിക്കുക എന്ന ബാധ്യതയും കൂടി ഏറ്റെടുത്താണ് പുതിയ വ്യവസായ നയം പ്രഖ്യാപിച്ചത്.

കേരളത്തിന്റെ വ്യാവസായിക മേഖലയുടെ നെടുംതൂണായി പ്രവർത്തിക്കേണ്ട പൊതുമേഖലയെ ശാക്തീകരിക്കുകയെ ന്നതിനായിരുന്നു മുൻഗണന. കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് ഈ മേഖലയെ സമൂലം ഉൻമൂലനം ചെയ്യാനുള്ള ഒരു പദ്ധതി തന്നെ ആവിഷ്ക്കരിക്കപ്പെട്ടിരുന്നു. പൊതുമേഖല സ്ഥാപനങ്ങളെ അടച്ചുപൂട്ടാനോ സ്വകാര്യവൽക്കരിക്കാനോ ആയിരുന്നു നീക്കം. ഇതിനായി ഒരു എന്റർപ്രൈസസ് റിഫോംസ് കമ്മറ്റി രൂപീകരിക്കുകയും അതിന്റെ തലപ്പത്ത് സർക്കാരിൽനിന്ന് വിരമിച്ച ഒരു ഉദ്യോഗസ്ഥനെ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ മേഖലയിലെ വിദഗ്ദൻമാരുമായോ, ഗുണഭോക്താക്കളുമായോ യാതൊരുവിധ ചർച്ചയും നടത്താതെ അദ്ദേഹം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും, അത് യാതൊരു ഭേദഗതിയും കൂടാതെ മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തു. തൊഴിലാളികൾക്ക് സ്വയം വിരമിക്കൽ പദ്ധതി നടപ്പാക്കുക, ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും

ഒന്നുകിൽ അടച്ചുപൂട്ടുക അല്ലെങ്കിൽ സ്വകാര്യവൽക്കരിക്കുക എന്നതായിരുന്നു കമ്മറ്റിയുടെ ശുപാർശകൾ. അതിൻപ്രകാരം 25 സ്ഥാപനങ്ങളെ ഇത്തരത്തിൽ ദയാവധത്തിന് വിധിക്കപ്പെടുകയും അതിനാവശ്യമായ ഉത്തരവുകൾ 2002 ൽ ഇറക്കുകയും ചെയ്തു.3193 തൊഴിലാളികളാണ് അക്കാലത്ത് പിരിച്ചു വിടപ്പെട്ടത്. എന്നാൽ ഈ നയങ്ങൾ അങ്ങിനെത്തന്നെ നടപ്പിലാക്കാൻ അവർക്ക് സാധിച്ചില്ല. തൊഴിലാളി പ്രസ്ഥാനങ്ങളുടെ ശക്തമായ പ്രതിരോധത്തിനു മുമ്പിൽ ഗവൺമെന്റിനു മുട്ടുമടക്കേണ്ടി വന്നു. ഐക്യജനാധിപത്യ മുണിയിൽത്തന്നെയുള്ള ചില കക്ഷികളും ഈ നയത്തിന് എതിരായി രംഗത്തു വന്നത് അവർക്ക് വലിയ തിരിച്ചടിയായി. എന്നാൽ ഈ സ്ഥാപനങ്ങളെ സ്വയം നശിപ്പിക്കാൻ ആവശ്യമായ എല്ലാ നടപടികളും അവർ ചെയ്തുവെച്ചു. ഇതുകാരണം 2005-06 ൽ 70 കോടി രൂപയുടെ നഷ്ടമാണ് ഈ സ്ഥാപനങ്ങൾ വരുത്തിവെച്ചത്. മൊത്തത്തിലുള്ള 42 സ്ഥാപനങ്ങളിൽ 30 എണ്ണവും നഷ്ടത്തി ലായിരുന്നു. ഈ സ്ഥിതി വിശേഷം മാറ്റിയെടുക്കാൻ കൃത്യമായ പദ്ധതികളാണ് ഇടതുമുന്നണി ഗവൺമെന്റ് തയ്യാറാക്കി നടപ്പിലാക്കിയത്. മാനേജ്മെന്റിന്റെ ശാക്തീകരണം, കടബാധ്യതകൾ അവസാനിപ്പിക്കൽ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളും മറ്റ് പൊതുമേഖല സ്ഥാപനങ്ങളും പരസ്പരം സഹായിക്കൽ, സാമ്പത്തിക സഹായം, മാസം തോറുമുള്ള അവലോകനം, കേന്ദ്ര പൊതുമേഖലയുമായുള്ള സംയുക്ത സംരംഭങ്ങൾ തുടങ്ങി ഒട്ടനവധി കാര്യങ്ങളാണ് ഈ മേഖലയിൽ ചെയ്തത്. അതിന്റെ ഫലമായി 2006-07 ൽ 91 കോടി രൂപ ലാഭമുണ്ടാക്കാനായി; ലാഭമുണ്ടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം 24 ആയി വർദ്ധിച്ചു. ഈ മേഖല വികസനത്തിന്റെയും വളർച്ചയുടെയും പാതയിലേക്ക് നയിക്കപ്പെട്ടു.

2009-10ൽ നഷ്ടമുണ്ടാക്കിയ കമ്പനികൾ വെറും അഞ്ചെണ്ണ മായി ചുരുങ്ങുകയും ലാഭം 239.75 കോടി രൂപയായിത്തീരുകയും ചെയ്തു. എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വേതന വർദ്ധനവ് നടപ്പിലാക്കുകയും 6000 ഓളംപുതിയ നിയമനങ്ങൾ നടത്തുകയുമുണ്ടായി. 2010-11 ൽ എട്ട് പുതിയ പൊതുമേഖലാ യൂണിറ്റുകൾ ആരംഭിക്കുകയാണ്. 2010 ഡിസംബറിൽതന്നെ ഇവയെല്ലാം പ്രവർത്തനക്ഷമമാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.





കഴിഞ്ഞ 25 വർഷമായി പൊതുമേഖലയിൽ മൂലധന നിക്ഷേപ മില്ലായിരുന്നു. ഈ മേഖലയുടെ തകർച്ചയുടെ മുഖ്യകാരണങ്ങളി ലൊന്നും ഇതായിരുന്നു. പുതിയ എട്ടു യൂണിറ്റുകൾ കൂടാതെ നിലവിലുള്ള സ്ഥാപനങ്ങളെയും ആധുനികവൽക്കരിക്കാനുള്ള പദ്ധതികൾക്ക് അനുമതി നൽകി കഴിഞ്ഞു. ഇതെല്ലാം കൂട്ടിച്ചേരുമ്പോൾ ഈ വർഷംതന്നെ പൊതുമേഖലയിൽ 540 കോടി രൂപയുടെ മൂലധന നിക്ഷേപം വരികയണ്. ഇതൊരു ചരിത്ര സംഭവമാണ്. ഇത് പൂർത്തിയായികഴിയുമ്പോൾ കേരളത്തിലെ പൊതുമേഖലയുടെ ചിത്രമാകെത്തന്നെ മാറും. ഇതോടൊപ്പം മറ്റൊരു നിർണ്ണായകമായ തീരുമാനവും ഗവൺമെന്റ് എടുത്തു കഴിഞ്ഞു. കമ്പനിയുടെ ഡയറക്ടർ ബോർഡിൽ തൊഴിലാളി പ്രാതിനിധ്യമെന്ന ട്രേഡ് യൂണിയൻ ആവശ്യം നടപ്പിലാക്കാൻ പോവുകയാണ്. അതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ടിരിക്കുന്നു.

സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ വികാസം മാത്രമല്ല കഴിഞ്ഞ നാലുവർഷംകൊണ്ട് സംഭവിച്ചത്. എച്ച്.എ.എൽ, ബി.ഇ.എൽ, ബി.ഇ.എം.എൽ എന്നിവയുടെ പുതിയ യൂണിറ്റുകൾ കേരളത്തിൽ സ്ഥാപിക്കാനായി. ഇതു കൂടാതെ സംയുക്ത സംരംഭത്തിന്റെ ഭാഗമായി എൻ.ടി.പി.സി, സ്റ്റീൽ അതോറിറ്റി, ബി.എച്ച്.ഇ.എൽ എന്നിവയും കേരളത്തിൽ എത്തിക്കഴിഞ്ഞു. കഴിഞ്ഞ 25 വർഷത്തിനിടയ്ക്ക് ഒരു കേന്ദ്ര പൊതുമേഖല സ്ഥാപനംപോലും കേരളത്തിൽ പുതുതായി വന്നിട്ടില്ല എന്ന് മനസിലാക്കുമ്പോഴാണ് ഇതിന്റെ പ്രാധാന്യം തിരിച്ചറിയാനാവുക. പൂട്ടികിടന്നിരുന്ന ഒട്ടനവധി സ്ഥാപങ്ങൾ തുറന്നു പ്രവർത്തിക്കാനും ഈ സർക്കാരിനു സാധിച്ചു. ട്രിവാൻട്രം സ്പിന്നിംഗ് മിൽ, തിരുവണ്ണൂർ കോട്ടൺ മിൽ, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, കേരള സോപ്സ് എന്നിവയാണിവ.

പൊതുമേഖല സ്ഥാപനങ്ങൾ അധുനികവൽക്കരിക്കുമ്പോൾ തന്നെ സംസ്ഥാനത്ത് നിലനിൽക്കുന്ന രോഗഗ്രസ്ഥങ്ങളായ സ്വകാര്യ കമ്പനികളെയും സർക്കാർ ഏറ്റെടുക്കുകയാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയുടെയും താൽപര്യങ്ങൾ സംരംക്ഷി ക്കാനാണിത് ചെയ്യുന്നത്. 1980 ന് ശേഷം ഇത്തരമൊരു നടപടി

ആദ്യമായാണ്. അലൂമിനിയം ഇന്റസ്ട്രീസ് കുണ്ടറ, കോമളപുരം സ്പിന്നിംഗ് മിൽ, ട്രാവൻകൂർ റയോൺസ്, കോംട്രസ്റ്റ് എന്നിവയാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. സ്വകാര്യമേഖലയിലെ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുമ്പോൾ തന്നെ അടച്ചുപൂട്ടപ്പെട്ട ഇത്തരം സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നടത്താനും സർക്കാർ തയ്യാറാവുകയാണ്. ഇതോടൊപ്പം അടഞ്ഞുകിടക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ആസ്തികൾ ഉപയോഗിച്ച് പുതിയ വ്യവസായങ്ങൾ തുടങ്ങുകയാണ്. ഇവയുടെ ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാനാവശ്യമായ പദ്ധതികൾക്കു രൂപംനൽകി കഴിഞ്ഞു. ചുരുക്കത്തിൽ കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പൊതുമേഖല നിർണ്ണായകമായ ഇടം നേടി കഴിഞ്ഞു.

പരമ്പരാഗത മേഖലയിലും ചെറുകിട ഇടത്തരം മേഖലയിലും വമ്പിച്ച മാറ്റങ്ങളാണ് ദൃശ്യമാകുത്. കൈത്തറി, മുള, ബീഡി, കരകൗശല വ്യവസായങ്ങൾ മുതലായ മേഖലകളിൽ സർക്കാർ പ്രത്യേക പദ്ധതികൾതന്നെ നടപ്പിലാക്കിവരുന്നു.

പക്ഷേ ഇതൊക്കെ നേട്ടങ്ങളാണെന്ന് സമ്മതിക്കുമ്പോൾതന്നെ കേരളത്തിന്റെ വ്യവസായവൽക്കരണത്തിന് ഇതൊന്നും പോര എന്ന് സമ്മതിക്കാനുള്ള ആർജ്ജവത്വവും നമ്മൾ കാണിക്കേണ്ടി യിരിക്കുന്നു.

കേരളത്തിന്റെ വ്യവസായവൽക്കരണം പരിപൂർണമായും ഗവൺമെന്റ് സംവിധാനത്തിൽ സാദ്ധ്യമല്ല. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി അതിനനുവദിക്കുന്നില്ല. പിന്നെയുള്ള ഓരേയൊരു പോംവഴി സ്വകാര്യസംരംഭകരെ അതിനനുവദി ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. മുതലാളിത്ത വിരുദ്ധരായ കമ്മ്യൂണിസ്റ്റുകാർക്ക് മുതലാളിമാരെ വ്യവസായം നടത്താൻ പ്രോത്സാഹിപ്പിക്കുന്നതിൽ ഒരു വൈരുദ്ധ്യം പുറമെ ദർശിച്ചേക്കാം. പക്ഷേ സ.ഇ.എം.എസ്. ദർശിച്ചതുപോലെ കമ്മ്യൂണിസ്റ്റുകാർ നേതൃത്വം നൽകുന്ന ഒരു സംസ്ഥാന ഗവൺമെന്റിന് കമ്മ്യൂണിസ്റ്റ് പർട്ടിയുടെ പരിപാടി നടപ്പാക്കാൻ ഇന്നത്തെ നിലക്ക് സാദ്ധ്യമല്ല. എന്നാൽ കമ്മ്യൂണിസ്റ്റുകാരെ അധികാരത്തിലേറ്റിയ ജനങ്ങളുടെ ആശയ അഭിലാഷങ്ങൾ പൂർത്തീകരിക്കുകയും വേണം. ഈ നിലക്ക് മുതലാളിത്തവിരുദ്ധ പോരാട്ടങ്ങൾ നടത്തുന്നതോടൊപ്പം സംസ്ഥാന





ത്തിന്റെ വികസനത്തിനാവശ്യമായ നിലപാടുകൾ സ്വീകരിക്കാതെ നിർവ്വാഹമില്ല.

ഈ തത്വമാണ് ഇന്നത്തെ സർക്കാരും സ്വീകരിച്ചിരിക്കുന്നത്. എന്നാൽ കോൺഗ്രസ് സർക്കാറുകൾ പൊതുവേ സ്വീകരിക്കുന്ന നിലപാടുകളിൽനിന്ന് വ്യത്യസ്തമായ നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വ്യവസായം കൊണ്ടുവരുന്നതിനു വേണ്ടി എന്തു വിട്ടുവീഴ്ച്ചയും ചെയ്യുക എന്ന നിലപാട് ഈ സർക്കാറിന് സാദ്ധ്യമല്ല നിലവിലുള്ള നിയമങ്ങളെ അനുസരിക്കുന്ന, നമ്മുടെ സാമൂഹ്യപരിതസ്ഥിതിക്കിണങ്ങുന്നതും പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിക്കാത്തതുമായ വ്യവസായങ്ങൾ തുടങ്ങാൻ എല്ലാവിധ സംരക്ഷണവും നൽകുക എന്നതാണ് സർക്കാർ നിലപാട്. ഇതാണ് കേരള സമൂഹത്തിന് യോജിച്ചതും. വ്യവസായങ്ങൾക്കാവശ്യമായ മറ്റ് പാശ്ചാത്തല സൗകര്യങ്ങൾ ഒരുക്കികൊടുത്തു കൊണ്ട് ഇവയെ പ്രവർത്തിക്കാനനുവദിക്കുക എന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ ചെയ്യാവുന്ന കാര്യം. എന്നാൽ ഈ നിലപാടുകൾ പോലും അകാരണമായി എതിർക്കപ്പെടുന്നു. തികഞ്ഞ രാഷ്ട്രീയ വിരോധംമൂലം നടത്തുന്ന ആരോപണങ്ങൾ തുടങ്ങി പരിസ്ഥിതിമൗലികവാദത്തിന്റെയും പ്രച്ഛന്ന ഇടതുപക്ഷത്തിന്റെയും എതിർപ്പുകൾപോലും ഇതിനെതിരെ വരുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി വളർന്നുവന്ന മുഖ്യധാരാ മാദ്ധ്യമസംസ്കാരവും ഇത്തരം പ്രവണതകളെ വഴിവിട്ടു പ്രോത്സാഹിപ്പിക്കുന്നതായി കാണാം. ഇതെല്ലാം നമ്മുടെ സമൂഹത്തിന്റെ വളർച്ചയെ പിറകോട്ടടിപ്പിക്കാൻ മാത്രമെ ഉപകരിക്കുകയുള്ളൂ. കഴിഞ്ഞ നാലു വർഷങ്ങളായി കേരളത്തിൽ സ്വകാര്യ വ്യവസായ മേഖലയിൽ വാഗ്ദാനം ചെയ്യപ്പെട്ട മൂലധന നിക്ഷേപം 20000 കോടി രൂപയിലധികമാണ്. എന്നാൽ ഇവയിൽ പലതും തുടങ്ങാനോ, മുന്നോട്ടു കൊണ്ടുപോകാനോ ഇത്തരം എതിർപ്പുകൾമൂലം സാധിച്ചില്ല എതാണ് യാഥാർത്ഥ്യം. ഈ കാലതാമസവും തൻമൂലം മറ്റ് സംസ്ഥാനങ്ങളിലേക്ക് വഴി മാറി പോകുന്ന വ്യവസായ സംരംഭങ്ങളും കേരളത്തിലെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ സ്വപ്നങ്ങളെയാണ് നശിപ്പിക്കുന്നത്. ഈ യാഥാർത്ഥ്യം മനസിലാക്കാൻ ഇനിയും വൈകികൂട.

കേരളം ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ അനുഭവിക്കാൻ പോകുന്ന മുഖ്യമായ പ്രശ്നങ്ങളിലൊന്ന് ജനസംഖ്യാവർദ്ധനവിലുണ്ടായ ചുരുക്കവും, യുവാക്കളും പ്രായമായവരും തമ്മിലുള്ള അനുപാതത്തിലെ വർദ്ധനവുമാണ്. 1991 ൽ 60 വയസിനുമേലുള്ളവരുടെ എണ്ണം മൊത്തം ജനസംഖ്യയുടെ 8.8 ശതമാനമായിരുന്നെങ്കിൽ അത് 2001 ൽ 10.5 ശതമാനമായി വർദ്ധിച്ചു. ഏതാണ്ട് 30.22 ശതമാനത്തിന്റെ വർദ്ധനവ്. അതേ സമയം ഈ കാലഘട്ടത്തിൽ 15 മുതൽ 59 വയസുവരെയുള്ളവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് 12.91 % മാത്രമാണ്. 14 വയസുവരെയുള്ള കുട്ടികളുടെ എണ്ണത്തിൽ 4.24% കുറവാണുണ്ടായത്. കണക്കുകൾ സൂചിപ്പിക്കുന്നത് ഇതേ രീതി തുടരുകയാണെങ്കിൽ 20 വർഷങ്ങൾ കഴിയുമ്പോൾ കേരളത്തിലെ ജനസംഖ്യയിൽ 50% കുട്ടികളും വൃദ്ധൻമാരുമടങ്ങുന്നതായിരിക്കും. ജനസംഖ്യാ വർദ്ധനവിലുണ്ടായ ശോഷണത്തോടൊപ്പം അന്യനാടുകളിലേക്കുള്ള വ്യാപകമായ കുടിയേറ്റവും ഈ സ്ഥിതി വിശേഷത്തെ കൂടുതൽ ഗുരുതരമാക്കും. 1999 കേരളത്തിൽ നിന്നും അന്യനാടുകളിൽ ജോലിയെടുക്കുന്നവരുടെ എണ്ണം 14.13 ലക്ഷം ആയിരുന്നെങ്കിൽ അത് 2004 ൽ 28 ലക്ഷമായി വർദ്ധിച്ചു. ഈ കാലഘട്ടത്തിൽ തിരിച്ച് കേരളത്തിലേക്ക് വന്നവരുടെ എണ്ണം 1999 ൽ 7.4 ലക്ഷമായിരുന്നു എങ്കിൽ അത് 2004 ൽ 8.9 ലക്ഷമായി വർദ്ധിച്ചു. ഇങ്ങനെ തിരിച്ചുവരുന്നവരിൽ ഭൂരിപക്ഷവും ജോലി നഷ്ടപ്പെട്ടവരോ, വാർദ്ധക്യം മൂലം ജോലി അവസാനിപ്പിച്ചവരോ ആണ്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് ചെറുപ്പക്കാരിൽ നല്ലൊരു പങ്കും അന്യനാടുകളിലേക്ക് പോകുന്നു എന്നും പ്രായമായവർ തിരിച്ചുവരുന്നു എന്നുമാണ്. ഇതെന്തുകൊണ്ട് സംഭവിക്കുന്നു എന്ന് ആലോചിക്കണം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് അർഹമായ അവസരങ്ങൾ നൽകാൻ ഈ സമൂഹത്തിന് സാധികാതെ വരുമ്പോൾ അവർ മെച്ചപ്പെട്ട തൊഴിലും ജീവിതസാഹചര്യവും തേടി പുറത്തേക്ക് പോകുന്നത് സ്വാഭാവികമാണ്. പക്ഷേ അത് സൃഷ്ടിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമായിരിക്കും. വൃദ്ധൻമാരും കുട്ടികളും മാത്രമടങ്ങുന്ന ഒരു കേരളമായിരിക്കും അതിന്റെ പരിണിതഫലം.

കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തമ്മിൽ ഒരു സമവായം ഉണ്ടാക്കേണ്ട സമയം





അതിക്രമിച്ചിരിക്കുന്നു. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോൾതന്നെ വികസനത്തിന്റെ കാര്യത്തിൽ യോജിച്ച അഭിപ്രായത്തിലെത്തിയേ മതിയാകൂ, നമ്മുടെ സംസ്ഥാനത്തിന്റെ ശോഭനമായ ഭാവിയെ കരുതിയെങ്കിലും.

******************